**866**

വിശ്വസിക്കാം-ആശ്രയിക്കാം എൻരക്ഷകനെന്നും മാറാത്തവൻ
വിശ്രമിക്കാം-ആശ്വസിക്കാം ആ സ്നേഹമാർവ്വതിൽ എന്നുമെന്നും

1 പാപമാം ചേറ്റിൽ നിന്നെന്നെയേറ്റാൻ പാരിതിൽ മർത്യനായ് വന്നവനാം
ജീവനും ക്രൂശതിൽ തന്നെന്നെ രക്ഷിച്ച പ്രിയനാം യേശുവിൽ-

2 ഉറ്റോരും പെറ്റോരും കൈവിട്ടാലും ഊറ്റമാം ക്ലേശങ്ങൾ നേരിട്ടാലും
ഏറ്റം പ്രിയമോടെ മാറോടു ചേർത്തെന്നെ മുറ്റും സ്നേഹിപ്പോനിൽ-

3 വാനവും ഭൂമിയും മാറിയാലും എൻനാഥൻ ഒട്ടുമേ മാറുകില്ല
വാനവിതാനത്തിൽ വൈകാതെ വന്നെന്നെ തന്നോടു ചേർത്തിടും- **E.P.**